**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** — **29.06.2012 ൽ**

**ചോദ്യം നമ്പർ.4552** — **മറുപടിയ്ക്ക്**

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതി

**ചോദ്യം** — **ഉത്തരം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹിദ്
,, കെ. ശിവദാസൻ നായർ

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതി തടയുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി എന്തെല്ലാം സംവിധാനമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

എ) തൊഴിലുറപ്പ് പദ്ധതിയിൽ സുതാര്യത ഉറപ്പാക്കി അഴിമതി തടയുന്നതിന് താഴെപറയുന്ന ഘടകങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഇതിനകം നൽകിയിട്ടുണ്ട്.

i. ശക്തമായ പ്രചരണം
ii. വിവരാവകാശ നിയമം
iii. പൗരാവകാശ രേഖ
iv. മലയാളത്തിൽ എസ്റ്റിമേറ്റും പ്രവൃത്തി വിവരങ്ങളും
v. തൊഴിൽ സ്ഥലത്ത് ബോർഡ്
vi. എല്ലാ രേഖകളുടെയും ജനകീയ പരിശോധന
vii. വരവ്-ചെലവ് കണക്ക് പൊതുസ്ഥലത്ത് പ്രദർശിപ്പിക്കൽ
viii. ഗ്രാമപഞ്ചായത്ത് വാർഡ്തല ജാഗ്രതാ മേൽനോട്ട സമിതികൾ
ix. സാമൂഹ്യ ഓഡിറ്റ്

പരാതികൾ പരിഹരിക്കുന്നതിന് ഗ്രാമ/ ബ്ലോക്ക്/ജില്ലാ/സംസ്ഥാന തലങ്ങളിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതി കിട്ടി 5 ദിവസത്തിനകം അന്വേഷിച്ച് 7 ദിവസത്തിനകം പരാതിക്കാരന് തൃപ്തികരമായ മറുപടി നൽകേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതികൾ സ്വീകരിക്കുന്നതിനും സംശയദൂരികരണത്തിനുമായി ജില്ലാ/ സംസ്ഥാന തലത്തിൽ ഓഫീസുകളിൽ ടോൾഫ്രീ ടെലഫോൺ സ്ഥാപിച്ചിട്ടുണ്ട്.

ഇതു കൂടാതെ, എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതിയ്ക്കു വേണ്ടിയുള്ള ഓംബുഡ്സ്മാനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| **ബി)** | **ആയതിനായി എല്ലാ ജില്ലകളിലും ഓംബുഡ്സ്മാനെനിയമിക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;** | ബി) | ഓംബുഡ്സ്മാൻമാരെ എല്ലാജില്ലാകളിലും നിയമിച്ചിട്ടുണ്ട്. |
| **സി)** | **ഇതിനു വേണ്ടുന്ന ജീവനക്കാരെ എവിടെ നിന്നാണ് കണ്ടെത്തുന്നത്;** | സി) | ഓംബുഡ്സ്മാൻമാരുടെ ഓഫീസിന് ആവശ്യമായ സെക്രട്ടേറിയൽ സേവനങ്ങൾക്കായി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ/ പ്രോജക്ട് ഡയറക്ടർ ഓഫീസിൽ നിന്നും നിലവിലുള്ള ഒരു ജീവനക്കാരന്റെ സേവനം ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **ഡി)** | **പരാതികൾ സ്വീകരിക്കാനും പരിഹരിക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് ഓംബുഡ്സ്മാനിൽ ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?** | ഡി) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെകുറിച്ചുള്ള പരാതികൾ സമയബന്ധിതമായി പരിശോധിച്ച് തീർപ്പാക്കുന്നതിന് ജില്ലാതലത്തിൽ സ്ഥാപിതമായിട്ടുള്ള സ്വതന്ത്ര സംവിധാനമാണ് ഓംബുഡ്സ്മാൻ. സ്ഥലങ്ങൾ സന്ദർശിച്ച് സ്വമേധയാ കേസെടുക്കാനും അന്വേഷണം നടത്തുന്നതിനും ഓംബുഡ്സ്മാന് അധികാരമുണ്ട്. തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് ഗ്രാമസഭയിൽ സ്വീകരിക്കുന്ന നടപടികൾ, ജോബ് കാർഡ് നൽകൽ, തൊഴിൽ ലഭിക്കാതിരുന്നതിനുള്ള നഷ്ടപരിഹാരം, പ്രവൃത്തി കേന്ദ്രത്തിലെ അസൗകര്യം, നിർവ്വഹണത്തിലെ മികവ്, മസ്റ്റർറോൾ, ഫണ്ട് വിനിയോഗം, സോഷ്യൽ ഓഡിറ്റ്, ഫയലുകൾ സൂക്ഷിക്കൽ തുടങ്ങിയ വിവിധകാര്യങ്ങളെക്കുറിച്ചുള്ള പരാതികൾ നേരിട്ടും പ്രതിനിധികൾ മുഖേനയും സ്വീകരിക്കും. ഇ-മെയിൽ സംവിധാനവും ഉപയോഗിക്കാവുന്നതാണ്. നിലവിൽ ജില്ലാപഞ്ചായത്തുകളിലെ ദാരിദ്ര്യലഘൂകരണ വിഭാഗത്തിൽ ഓഫീസും സെക്രട്ടേറിയേൽ സേവനങ്ങളും ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ